**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4523** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവര്‍ഗ്ഗ സഹകരണസംഘങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റര്‍,<br>ശ്രീ. എ. പ്രഭാകരന്‍,<br>ശ്രീ. പി.വി. ശ്രീനിജിന്‍** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവര്‍ഗ്ഗ സഹകരണസംഘങ്ങളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാല്‍ പട്ടികജാതി പട്ടികവര്‍ഗ്ഗ വികസന സഹകരണ ഫെഡറേഷനില്‍ അംഗസംഘങ്ങളായ പട്ടികജാതി പട്ടികവര്‍ഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണവും സമഗ്ര വികസനവും ലക്ഷ്യമിട്ട് ഒരു വികസന പരിശീലന പദ്ധതി നിര്‍ദ്ദേശം സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. ഈ പദ്ധതി നടത്തിപ്പിന് മുന്നൊരുക്കമായി സംസ്ഥാനത്തെ എല്ലാ പട്ടികജാതി പട്ടികവര്‍ഗ്ഗ സംഘങ്ങളുടെയും പ്രവര്‍ത്തനം വിലയിരുത്തുന്നതിനും പഠനം നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തില്‍ പരിശീലന വികസന പരിപാടികള്‍ നടപ്പാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. നിലവില്‍ സംസ്ഥാനത്തെ പട്ടികജാതി പട്ടികവര്‍ഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തന സ്ഥിതി മനസ്സിലാക്കുന്നതിന് ജില്ലാതല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാര്‍മാരില്‍ നിന്നും ശേഖരിച്ച വിവരങ്ങള്‍ അടിസ്ഥാനമാക്കി ഫെഡറേഷനില്‍ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങളുടെ പ്രവര്‍ത്തന സ്ഥിതി അനുബന്ധമായി ചേര്‍ത്തിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍

## അനുബന്ധം

| ക്രമ നം. | ജില്ല | പട്ടിക ജാതി | പട്ടികവർഗ്ഗം | പട്ടികജാതി/ പട്ടികവർഗ്ഗം | ആകെ | നിലവിൽ പ്രവർത്തിക്കുന്നവ | ലാഭത്തിൽ പ്രവർത്തിക്കുന്നവ |
|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 128 | 18 | 7 | 153 | 42 | 7 |
| 2 | കൊല്ലം | 54 | 5 | 0 | 59 | 48 | 0 |
| 3 | പത്തനംതിട്ട | 28 | 7 | 3 | 38 | 19 | 0 |
| 4. | ആലപ്പുഴ | 51 | 4 | 1 | 56 | 27 | 1 |
| 5. | ഇടുക്കി | 16 | 14 | 1 | 31 | 16 | 0 |
| 6. | കോട്ടയം | 33 | 5 | 2 | 40 | 16 | 0 |
| 7. | എറണാകുളം | 56 | 4 | 5 | 65 | 40 | 2 |
| 8. | തൃശ്ശൂർ | 44 | 3 | 1 | 48 | 16 | 1 |
| 9. | പാലക്കാട് | 29 | 14 | 0 | 43 | 18 | 1 |
| 10. | മലപ്പുറം | 45 | 1 | 0 | 46 | 17 | 3 |
| 11. | കോഴിക്കോട് | 26 | 2 | 1 | 29 | 12 | 0 |
| 12. | വയനാട് | 8 | 21 | 5 | 34 | 9 | 0 |
| 13. | കണ്ണൂർ | 18 | 4 | 3 | 25 | 12 | 1 |
| 14. | കാസർഗോഡ് | 10 | 1 | 4 | 15 | 4 | 0 |
|  | ആകെ | 546 | 103 | 33 | 682 | 296 | 16 |

| ക്രമ നം. | തരംതിരിവ് | എണ്ണം |
|---|---|---|
| 1. | പട്ടികജാതി സഹകരണ സംഘങ്ങൾ | 546 |
| 2. | പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ | 103 |
| 3. | പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ | 33 |
| 4. | ആകെ | 682 |
| 5. | പ്രവർത്തനക്ഷമമായവ | 296 |
| 6. | ലാഭത്തിലുള്ളവ | 16 |